നം. സിഇ/2834/2007/റ്റിഎ1.

# കേരള സർക്കാർ

## പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം-01.

## <u>അറിയിപ്പ്</u>

| | |
|---|---|
| വിഷയം:- | പട്ടികവിഭാഗം വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രവേശന പരീക്ഷ 2008 - സംബന്ധിച്ച്. |
| സൂചന:- | 1. സർക്കാർ ഉത്തരവ് നം.(എം.എസ്) 116/2008/ഉ.വി.വ തീയതി, 27.09.2008.<br>2. സർക്കാർ ഉത്തരവ് നം.(ആർ.റ്റി) 3387/08/ആ.കു.വ തീയതി, 16.10.2008. |

2008 ലെ മെഡിക്കൽ പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിലും, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കാറ്റഗറി ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ പ്രവേശന പരീക്ഷയിൽ മെഡിക്കൽ/ബിഡി.എസ് കോഴ്സുകളുടെ പ്രവേശനത്തിനുള്ള നിശ്ചിത യോഗ്യത (40%മാർക്ക്) ലഭിക്കാത്തതുമായ വിദ്യാർത്ഥികൾക്കായി ഒരു പ്രത്യേക മെഡിക്കൽ പ്രവേശന പരീക്ഷ 2008 ഒക്ടോബർ മാസം 29-ാം തീയതി കോഴിക്കോട്, ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂൾ ഫോർ ഗേൾസ്, നടക്കാവ് വച്ച് നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയുടെ അഡ്മിറ്റ്കാർഡ് ഇതോടൊപ്പം അയക്കുന്നു.

### പ്രവേശന പരീക്ഷയ്ക്കുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ:

1. പ്രവേശനപരീക്ഷ ഒബ്ജക്ടീവ് രീതിയിൽ ആയിരിക്കും.
2. പരീക്ഷാ തീയതി: 2008 ഒക്ടോബർ 29 (29.10.2008).
3. പരീക്ഷാ സമയം രാവിലെ 10 മണിമുതൽ 12.30 മണി വരെ. എന്നാൽ രാവിലെ കൃത്യം 9.30 മണിയ്ക്കുതന്നെ പരീക്ഷാ കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.
4. പ്രവേശനപരീക്ഷയുടെ ചോദ്യങ്ങൾ ഒരു ചെറു പുസ്തകത്തിന്റെ (Question Booklet) രൂപത്തിൽ ആയിരിക്കും. ഇതിൽ 100 ചോദ്യങ്ങൾ ഉണ്ടായിരിക്കും. (ബോട്ടണി, സുവോളജി, കെമിസ്ട്രി, ഫിസിക്സ് എന്നീ വിഷയങ്ങളിൽ നിന്നും 25 വീതം ചോദ്യങ്ങൾ) ഓരോ ചോദ്യത്തിനും 4 ഉത്തരങ്ങൾ ഉണ്ടാകും.
5. പ്രത്യേകമായി നൽകുന്ന ഒ.എം.ആർ ഉത്തരക്കടലാസ്സിൽ (OMR Answer Sheet) വേണം ശരിയുത്തരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ഓരോ ചോദ്യത്തിനും തന്നിട്ടുള്ള 4 ഉത്തരങ്ങളിൽ ഏറ്റവും അനുയോജ്യമായ ഉത്തരം തെരെഞ്ഞെടുത്ത് അതിന്റെ നേരെയുള്ള അക്ഷരം (A,B,C or D) ബോൾ പോയിന്റ് പെൻ (നീല/കറുത്ത മഷി) കൊണ്ട്

അടയാളപ്പെടുത്തണം. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം രേഖപ്പെടു ത്തേണ്ടതാണ്.

5. മാർക്കും, നെഗറ്റീവ് മാർക്കും.

ഓരോ ശരിയുത്തരത്തിനും 4 മാർക്കു വീതം ലഭിയ്ക്കും. <u>തെറ്റായി ഉത്തരത്തിന് മാർക്ക് കുറവുചെയ്യുന്നതല്ല.</u> എന്നാൽ ഒരു ചോദ്യത്തിന് ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ രേഖപ്പെടുത്തിയാൽ ആ ഉത്തരം തെറ്റായ ഉത്തരമായി കണക്കാക്കുന്നതാണ്. എന്നാൽ ഇതിനും മാർക്ക് കുറവു ചെയ്യുന്നതല്ല.

6. പരീക്ഷാ ഫലം: പ്രവേശന പരീക്ഷാ ഫലം 30.10.2008 നു വൈകുന്നേരം www.cee-kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീ കരിക്കുന്നതാണ്.

7. കേന്ദ്രീകൃത അലോട്ട്മെന്റ്: പ്രവേശന പരീക്ഷയിൽ കുറഞ്ഞത് 40% മാർക്കും യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് മൊത്തമായി കുറഞ്ഞത് 40% മാർക്കും ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ MBBS/BDS കോഴ്സിലേ ക്കുള്ള അലോട്ട്മെന്റ് 02.11.2008 രാവിലെ 11.30 മണിക്ക് പ്രവേ ശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ വച്ച് നടത്തുന്നതാണ്.

തിരുവനന്തപുരം
17.10.2008.

പ്രവേശനപരീക്ഷാ കമ്മീഷണർ